**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 23** **29-01-2024 - ൽ മറുപടിയ്ക്ക്**

**ആശുപത്രികളിലെ മരുന്ന് ക്ഷാമം പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആശുപത്രികളിൽ രൂക്ഷമായ മരുന്ന് ക്ഷാമം അനുഭവപ്പെടുന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി എന്നിവ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ രൂക്ഷമായ മരുന്നുക്ഷാമം അനുഭവപ്പെടുന്നു എന്ന ആക്ഷേപം വസ്തുതാപരമല്ല.<br><br>സംസ്ഥാനത്തെ മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി എന്നിവ ഉൾപ്പെടെയുള്ള ആശുപത്രികളിൽ കെ.എം.എസ്.സി.എൽ മുഖേനയാണ് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നത്. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ എസൻഷ്യൽ ഡ്രഗ് ലിസ്റ്റ് (EDL) പ്രകാരമുള്ള മരുന്നുകൾ സ്റ്റോക്കുണ്ട് എന്നത് ഉറപ്പാക്കുന്നുണ്ട്. ആശുപത്രികൾ ഒരു വർഷത്തേയ്ക്ക് ആവശ്യപ്പെട്ടത് വിതരണം ചെയ്ത് ഉപയോഗിച്ച് കഴിഞ്ഞ സാഹചര്യത്തിലും, കെ.എം.എസ്.സി.എൽ. വിതരണം ചെയ്യാത്ത മരുന്നുകൾ ആവശ്യമായി വരുന്ന സാഹചര്യത്തിലും വിവിധ സ്കീമുകളിലൂടെ അവശ്യ മരുന്ന് ലഭ്യമാക്കി വരുന്നുണ്ട്. ആയതിനാൽ രോഗികൾക്കുള്ള മരുന്ന് വിതരണം തടസ്സപ്പെട്ടിട്ടില്ല. ആയതിനാൽ ആശുപത്രികളിലെ ശസ്ത്രക്രിയകൾക്ക് തടസ്സങ്ങൾ നേരിട്ടിട്ടില്ല. |
| (ബി) | എങ്കിൽ മരുന്നു ക്ഷാമം ആശുപത്രികളിലെ ശസ്ത്രക്രിയകളെ ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി എന്നിവ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ രൂക്ഷമായ മരുന്നുക്ഷാമം അനുഭവപ്പെടുന്നു എന്ന ആക്ഷേപം വസ്തുതാപരമല്ല.<br><br>സംസ്ഥാനത്തെ മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി എന്നിവ ഉൾപ്പെടെയുള്ള ആശുപത്രികളിൽ കെ.എം.എസ്.സി.എൽ മുഖേനയാണ് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നത്. സംസ്ഥാനത്തെ സർക്കാർ |

| | | | |
|---|---|---|---|
| | | | ആശുപത്രികളിൽ എസൻഷ്യൽ ഡ്രഗ് ലിസ്റ്റ് (EDL) പ്രകാരമുള്ള മരുന്നുകൾ സ്റ്റോക്കുണ്ട് എന്നത് ഉറപ്പാക്കുന്നുണ്ട്. ആശുപത്രികൾ ഒരു വർഷത്തേയ്ക്ക് ആവശ്യപ്പെട്ടത് വിതരണം ചെയ്ത് ഉപയോഗിച്ച് കഴിഞ്ഞ സാഹചര്യത്തിലും, കെ.എം.എസ്.സി.എൽ. വിതരണം ചെയ്യാത്ത മരുന്നുകൾ ആവശ്യമായി വരുന്ന സാഹചര്യത്തിലും വിവിധ സ്കീമുകളിലൂടെ അവശ്യ മരുന്ന് ലഭ്യമാക്കി വരുന്നുണ്ട്. ആയതിനാൽ രോഗികൾക്കുള്ള മരുന്ന് വിതരണം തടസ്സപ്പെട്ടിട്ടില്ല. ആയതിനാൽ ആശുപത്രികളിലെ ശസ്ത്രക്രിയകൾക്ക് തടസ്സങ്ങൾ നേരിട്ടിട്ടില്ല. |
| (സി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി മരുന്ന് വാങ്ങിയ ഇനത്തിൽ മരുന്ന് കമ്പനികൾക്ക് നൽകാനുള്ള തുകയിൽ കുടിശിക വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി മരുന്ന് വാങ്ങിയ ഇനത്തിൽ മരുന്ന് കമ്പനികൾക്ക് ആകെ 417.21 കോടി രൂപ കുടിശികയിനത്തിൽ നൽകാനുണ്ട്. |
| (ഡി) | മരുന്നുക്ഷാമം പരിഹരിക്കുന്നതിന് അടിയന്തരമായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | മരുന്നുകളുടെ ലഭ്യതകുറവ് അവലോകനം ചെയ്യുന്നതിലേയ്ക്കായി എല്ലാ ബുധനാഴ്ചകളിലും ആസ്ഥാന കാര്യാലയത്തിലേയും ജില്ലാ മരുന്ന സംഭരണശാലയിലേയും ഉദ്യോഗസ്ഥർമാർ യോഗം ചേരുകയും, മരുന്നുകളുടെ കുറവുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ ആശുപത്രിതല അവലോകന യോഗത്തിലും, ഫാർമസിസ്റ്റുമാരുടെ അവലോകന യോഗത്തിലും, മെഡിക്കൽ ഓഫീസർമാരുടെ അവലോകന യോഗത്തിലും മരുന്ന ലഭ്യത സംബന്ധിച്ച് ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങൾ കെ.എം.എസ്.സി.എൽ അതാത് സമയങ്ങളിൽ പരിഹരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ